# <u>വകുപ്പുതല പരീക്ഷ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്)</u>
# <u>പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകൾ (Departmental Tests) ഒബ്ജക്റ്റീവ് Type (OMR മൂല്യ നിർണ്ണയം) രീതിയിലായിരിക്കും.

2. 2013 ജൂലൈയിലെ പരീക്ഷ മുതൽ വകുപ്പുതല പരീക്ഷകളുടെ സമയം ഒന്നര മണിക്കൂറായി നിജപ്പെടുത്തിയിരിക്കുന്നു. രാവിലെ 7.30 മുതൽ 9 മണിവരെ നടക്കുന്ന പരീക്ഷയ്ക്ക് അരമണിക്കൂർ മുൻപ് (7 മണിയ്ക്ക്) പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്.

3. **പരീക്ഷാർത്ഥികൾ യഥാവിധി സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റും, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും പരീക്ഷാഹാളിൽ ഹാജരാക്കേണ്ടതും, എക്സാമിനേഷൻ ഫീ, സർട്ടിഫിക്കറ്റ് ഫീ എന്നിവ ഒടുക്കിയ ഒറിജിനൽ ചെലാനും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും നൂൽ ഉപയോഗിച്ച് ഒന്നിച്ച് ചേർത്ത് കെട്ടി അസിസ്റ്റന്റ് സൂപ്രണ്ടിന് കൈമാറേണ്ടതാണ്. ഒറിജിനൽ ചെലാന്റെ അഭാവത്തിൽ ട്രഷറിയിൽ നിന്നും Remittance Certificate ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.**

4. A,B,C,D എന്നീ നാല് ആൽഫാ കോഡുകളിലുള്ള OMR ഉത്തരക്കടലാസും ചോദ്യപുസ്തകവുമായിരിക്കും വിതരണം ചെയ്യുക.

5. ഓരോ പരീക്ഷാർത്ഥിയും പരീക്ഷാഹാളിലെ അവരവരുടെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആൽഫാ കോഡു പ്രകാരം OMR ഉത്തരക്കടലാസും , ചോദ്യപുസ്തകവും കൈപ്പറ്റേണ്ടതാണ്.

6. ചോദ്യപുസ്തകത്തിന്റെ മുൻപേജിൽ മുകൾഭാഗത്ത് പരീക്ഷാർത്ഥികൾ അവരവരുടെ രജിസ്റ്റർനമ്പർ രേഖപ്പെടുത്തേണ്ടതാണ്.

7. ഉത്തരക്കടലാസിൽ Part A, Part B എന്നീ രണ്ടു ഭാഗങ്ങളുണ്ടായിരിക്കും.

8. Part A യിൽ രജിസ്റ്റർ നമ്പർ, Paper Code (അഡ്മിഷൻ ടിക്കറ്റിലുള്ളതു പ്രകാരം) എന്നിവ നിശ്ചിത കോളത്തിൽ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. കൂടാതെ ജനനതീയതി, പരീക്ഷാതീയതി, പേപ്പറിന്റെ പേര് എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

9. OMR ഷീറ്റിന്റെ Part B ഉത്തരമെഴുതാനുള്ള ഭാഗമാണ്. അതിൽ പേപ്പർ കോഡ് നിശ്ചിത സ്ഥലത്ത് എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

10. ചോദ്യപുസ്തകത്തിൽ ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് OMR ഉത്തരക്കടലാസിൽ Part B യിൽ ബന്ധപ്പെട്ട ചോദ്യനമ്പരിനു നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ, കറുപ്പോ ബോൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കേണ്ടതാണ്.

11. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കാനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.

12. ഓരോ പേപ്പറിന്റേയും പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള കുറഞ്ഞ മാർക്ക് 40% ഉം ആയിരിക്കും. നെഗറ്റീവ് മാർക്ക് ബാധകമാണ്. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും.

(മറുപുറം)

13. പരീക്ഷാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിനു അരമണിക്കൂർ നേരത്തേ (രാവിലെ 7 മണി) തന്നെ പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്. പരീക്ഷ തുടങ്ങി ഒരു മിനിറ്റു പോലും വൈകി വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

14. സ്ഥലം മാറ്റം/ട്രെയിനിംഗ് മൂലം പരീക്ഷാകേന്ദ്രത്തിൽ മാറ്റം ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിന് ശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം **29.06.2013** നുള്ളിൽ ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം- 4 എന്ന മേൽവിലാസത്തിൽ അപേക്ഷ നൽകേണ്ടതാണ്.

15. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോയും, ഫീസ് അടച്ചതു സംബന്ധിച്ച വിശദാംശവും രണ്ടിടങ്ങളിലായി സാക്ഷ്യപ്പെടുത്തുന്നതിനു പകരം ഒരിടത്തു മാത്രം ഓഫീസ് മുദ്ര വച്ച് മേലധികാരിയുടെ ഒപ്പ്, പേര്, തസ്തികയുടെ പേര് എന്നിവ സഹിതം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഇതിനാവശ്യമായ മാറ്റം വരുത്തിയിട്ടുണ്ട്.

16. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോയ്ക്ക് താഴെ പരീക്ഷാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

17. യഥാവിധി സാക്ഷ്യപ്പെടുത്താത്ത ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

18. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലോ ഉത്തരക്കടലാസിലോ ന്യൂനതയുള്ള പക്ഷം അത്തരം പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ Invalidate ചെയ്യുന്നതായിരിക്കും.

19. **ഫ്രീചാൻസ്, ഫോട്ടോഗ്രാഫ്, ഒപ്പ്, ഫീ അടച്ചതുമായി ബന്ധപ്പെട്ട വിശദാംശം എന്നിവ സാക്ഷ്യപ്പെടുത്തുന്നതിനായി ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ ബന്ധപ്പെട്ട കോളം (box) ഓഫീസ് മേലധികാരി മാർക്ക് (✓) ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.**

20. പരീക്ഷാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലും അഡ്മിഷൻ ടിക്കറ്റിലും പി.എസ്.സി മുദ്രയുടെ പ്രിന്റ് ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്. നേരത്തെ ഏർപ്പെടുത്തിയിരുന്ന വാട്ടർമാർക്ക് രീതി ഒഴിവാക്കിയിട്ടുണ്ട്.

21. സെക്കന്റ് ക്ലാസ് ലാംഗ്വേജ് ടെസ്റ്റ് ഇൻ മലയാളം (തമിഴ്/കന്നഡ) 45 മിനിട്ട്, മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് (തമിഴ്/കന്നഡ) 2 മണിക്കൂർ എന്നീ പരീക്ഷകൾക്ക് വിവരണാത്മക രീതി തുടരുന്നതാണ്.

22. താഴെപ്പറയുന്ന ടെസ്റ്റുകളുടെ സിലബസിൽ മാറ്റം വരുത്തിയിട്ടുണ്ട്.

**(1)** Local Fund Audit Department Test (Higher) -3 Papers, Local Fund Audit Department Test (Lower) -2 Papers, Kerala State Probation Test- 4 Papers, Panchayat Test- 4 Papers, Kerala Port Department Test) One Paper, Department Test for Assistant Electrical Inspectors- 2 Papers എന്നീ ടെസ്റ്റുകളുടെ സിലബസിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിശദാംശം വിജ്ഞാപനത്തിലുണ്ട്.

**(2)** ക്രമനമ്പർ 35 ലെ Harijan Welfare Department Test എന്ന് നിലവിലുണ്ടായിരുന്ന ടെസ്റ്റിന്റെ പേര് Scheduled Caste Development Department Test എന്നാക്കിയിരിക്കുന്നു. എന്നാൽ സിലബസിൽ മാറ്റമില്ല.

വി.ബി.റ്റി 21.06.13